**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3264** | **04-08-2021 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ സ്റ്റോറുകളിലെ ഫാർമസിസ്റ്റുകൾക്ക് കോവിഡ് വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 ബാധിക്കുന്ന രോഗികളിൽ കൂടുതൽ പേരും രോഗലക്ഷണങ്ങളുമായി (പനി, തൊണ്ടവേദന, തലവേദന തുടങ്ങിയവ) ആദ്യം എത്തുന്നത് അടുത്തുള്ള മെഡിക്കൽ ഷോപ്പുകളിലാണ് എന്നതിനാൽ, രോഗികളുമായി നേരിട്ട് ഇടപെടുന്നതുകൊണ്ട് നിരവധി ഫാർമസിസ്റ്റുകൾക്ക് അസുഖം ബാധിക്കുകയും മരണപ്പെടുകയും ചെയ്തിട്ടുള്ളത് പരിഗണിച്ച് സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിലെ പതിനയ്യായിരത്തോളം ഫാർമസിസ്റ്റുമാരെ ആരോഗ്യ രംഗത്തെ മുൻനിര പ്രവർത്തകർ എന്ന നിലയിൽ പരിഗണിച്ച് കോവിഡ് വാക്സിൻ നൽകുന്നതിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുമോ; | (എ) | 19/05/2021 ലെ സ.ഉ. (സാധാ) നം. 1102/2021/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകളിലെ സ്റ്റാഫിനെ (Staff of shops providing essential supplies) കോവിഡ് വാക്സിനേഷൻ ലഭിക്കുന്നതിനുള്ള മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അപകടകരമായ സാഹചര്യത്തിലും ഗുരുതരമായ കോവിഡ് വ്യാപന പ്രദേശങ്ങളിലടക്കം എല്ലാ ദിവസങ്ങളിലും സേവനം ചെയ്യുന്ന ഫാർമസിസ്റ്റുമാർക്കും റേഷൻ വ്യാപാരികൾക്ക് ഏർപ്പെടുത്തിയ മാതൃകയിൽ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്താൻ ആലോചനയുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഫാർമസിസ്റ്റുമാർക്കു ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (സി) | ഫാർമസിസ്റ്റുമാർക്കു ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ